കേരളശബ്ദം

സ്വതന്ത്ര രാഷ്ട്രീയ വാരിക

6-2-2005
8 രൂപ



പ്ലാച്ചിമടയിലെ നേർക്കാഴ്ചകൾ

ഡോ. വള്ളിക്കാവ് മോഹൻദാസ്

# 'സ്വദേശാഭിമാനി' നൂറാംവയസ്സിൽ

**സ്വദേശാഭിമാനി എന്ന ബഹുമതിപ്പേരിന്റെ ഉപജ്ഞാതാവും ഉടമയും ശക്തിചൈതന്യവുമായിരുന്ന വക്കംമൗലവി എന്നും വിസ്മൃതിയിലായിരുന്നു. ഇപ്പോഴിതാ പത്രത്തിന്റെ നൂറാംവയസ്സും ആരാലും ശ്രദ്ധിക്കാതെ പോയി. മലയാളികളുടെ നന്ദികേടിനെക്കുറിച്ച് ഒരു സ്വയംവിമർശനം...**

വർത്തമാനപ്രവർത്തനചരിത്രത്തിൽ ജ്വലിക്കുന്ന അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് തന്റേടത്തോടെ രക്തസാക്ഷിത്വം വരിച്ച 'സ്വദേശാഭിമാനി' എന്ന പത്രത്തെ നാം ഓർക്കുന്നു. ഇക്കഴിഞ്ഞ ജനുവരി 19 ന് നൂറുവർഷം പിന്നിട്ട 'സ്വദേശാഭിമാനി'യുടെ പ്രശസ്തനായ പത്രാധിപർ കെ. രാമകൃഷ്ണപിള്ളയെ നമുക്ക് ഓർമ്മയുണ്ട്. എന്നാൽ കൂട്ടത്തിൽ നാം മറന്നുപോകുന്ന ഒരാളുണ്ട്. ആ പത്രത്തിന്റെ ഉടമയും സ്ഥാപകനുമായ ഒരാൾ. പത്രാധിപരും ചിന്തകനും എഴുത്തുകാരനും പ്രഭാഷകനും സമുദായപരിഷ്കർത്താവും, സർവ്വോപരി മനുഷ്യസ്നേഹിയുമായിരുന്ന ഉൽപ്പതിഷ്ണുവായ ഒരു മനുഷ്യൻ...

ഇസ്ലാംമതത്തിലെ ഒരു വിമോചനധാരതന്നെ വെട്ടിത്തുറന്നു മതാന്ധതകളെ പടിക്കുപുറത്താക്കുവാൻ പടച്ചട്ടയണിഞ്ഞ ശക്തനായ ഒരു ശുദ്ധമതവിശ്വാസി. തനിക്ക് ലഭിച്ച വലിയ പൂർവ്വിക സ്വത്തുക്കൾ സ്വന്തമാക്കി കുന്നുകൂട്ടുവാനല്ല, മറിച്ച് വിതരണം ചെയ്ത് ഭാരം ലഘൂകരിക്കുകയാണ് ധർമ്മം എന്ന് പ്രഖ്യാപിക്കുകയും, അതിൻപടി പ്രവർത്തിക്കുകയും ചെയ്ത് സാധാരണക്കാരിൽ സാധാരണക്കാരനായി, നിസ്വനായി കടന്നുപോയ ഒരു മനുഷ്യൻ...



*വക്കം മൗലവി (ക്ലാപ്പന പോർട്രെയിറ്റ് ഗ്യാലറിയിലെ പെയിന്റിംഗ്)*

വക്കം മൗലവി എന്ന മുഹമ്മദ് അബ്ദുൾഖാദർമൗലവി.

മൗലവിയുടെ ചിന്തയിൽ രൂപപ്പെട്ട 'സ്വദേശാഭിമാനി'യുടെ പേരിൽ മൗലവി അറിയപ്പെടുന്നില്ല എന്നത് എത്ര വിചിത്രമായിരിക്കുന്നു? കേരളീയ ഇസ്ലാം പരിഷ്ക്കരണത്തിന്റെ പ്രണേതാവ് എന്ന നിലയിൽ അതീവ ശ്രദ്ധേയനായ അദ്ദേഹത്തെ ആ മതവിഭാഗംപോലും അടുത്തകാലത്താണംഗീകരിച്ചു തുടങ്ങിയതെന്നത് മറ്റൊരു വിധിവൈപരീത്യം.

എന്തുകൊണ്ട് മൗലവി വിസ്മൃതിയിൽ ലയിച്ചുവെന്ന അന്വേഷണം ചെന്നെത്തുന്നത് അദ്ദേഹത്തിന്റെ പ്രവർത്തന കാലഘട്ടത്തിലെ വ്യവസ്ഥിതിയുടെ നിലയിലേക്കാണ്. തികച്ചും യാഥാസ്ഥിതികമായിരുന്ന സാമൂഹ്യപശ്ചാത്തലത്തിൽ പ്രതാപൈശ്വര്യങ്ങളുടെ നടുവിൽ ജനിച്ചുവളർന്ന ഒരുവ്യക്തിയിൽനിന്നും യാഥാസ്ഥിതിക മുസ്ലീംസമുദായം എന്ത് പ്രതീക്ഷിച്ചുവോ അതായിരുന്നില്ല അബ്ദുൾഖാദറിൽനിന്നും ഉണ്ടായത്. മൗലവിയെ സംബന്ധിച്ചിടത്തോളം പ്രതാപമോ, ധനമോ, പദവിയോ, മയമില്ലാത്ത മതനിഷ്ഠകളോ, അതിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങളോ, ഭരണവ്യവസ്ഥയുടെ അനീതിയോ, ഇവയെല്ലാമോ അനഭികാമ്യമായിരുന്നുവെന്നുമാത്രമല്ല, മിക്കവയും എതിർക്കപ്പെടേണ്ടവയുമായിരുന്നു. 1873 കാലഘട്ടത്തിൽ ജനിച്ച ഒരു യാഥാസ്ഥിതിക മുസ്ലീം കുടുംബാംഗം ഈ വിധം ചിന്തിക്കുന്നതു തന്നെ അന്ന് വൻ പാതകമായിരുന്നെങ്കിൽ, അവ്വിധ പ്രവർത്തനങ്ങൾ മൗലവിയെ ഒറ്റപ്പെടുത്തിയതിലോ കണക്കില്ലാതെ പീഡിപ്പിച്ചതിലോ അത്ഭുതത്തിനവകാശമില്ല.

അർത്ഥമറിയാതെ ഖുർ-ആൻ മുപ്പത് 'ജുസടുളം' ഓതിപ്പഠിച്ചതുകൊണ്ടോ നിസ്ക്കാരക്കെട്ടും മുഹിയ്യിദ്ദീൻമാലയും ബദർമാലസ്തുതിയും മൻക്യൂസ് മൗലൂദ്, മുഹിയിദ്ദീൻ മൗലൂദ് എന്നിവ ഉരുക്കഴിച്ചതുകൊണ്ടോ, ബദർ, ഒഹ്ദ് പടപ്പാട്ടുകളും ഫത്ഹുൽ മു ഈൻ, അൽഫിയാ, ജലാലൈനി തുടങ്ങിയ കിത്താബുകൾ മനപ്പാഠമാക്കിയതുകൊണ്ടോ ഇസ്ലാമിക പഠനം പൂർത്തിയാകില്ലെന്ന അറിവ് അബ്ദുൾഖാദർ തന്റെ സമുദായത്തെ ഉദ്ബോധിപ്പിക്കുവാൻ വെമ്പി. ശാസ്ത്രയുഗത്തിന്റെ ആവശ്യകത തൊട്ടറിഞ്ഞ് നവീന സംഭാവനകളെ കാലാനുസൃതമായി ഉൾക്കൊണ്ടുകൊണ്ട് ഒരു ഇസ്ലാമിക വിമോചന പാഠ്യപദ്ധതിതന്നെ രൂപപ്പെടേണ്ടതിന്റെ ആവശ്യകതയിലും, ഇസ്ലാം ജനവിഭാഗത്തിന് എങ്ങനെ ഉൾക്കാഴ്ച നൽകാനാകും എന്ന ചിന്തയിൽ അദ്ദേഹം കണ്ടെത്തിയ പോംവഴി മറ്റൊന്നുമായിരുന്നില്ല. പ്രസംഗങ്ങളും മറ്റു ബോധനപ്രക്രിയകളും തോൽക്കുന്നിടത്ത് വിജയിക്കുക ജീവത്തായ അക്ഷരങ്ങളാണെന്നും, അത് അജ്ഞതയുടെ കാവൽഭടന്മാരെ തേടി വീടുകളിലെത്തുന്നവയാകണമെന്നും അദ്ദേഹം നിശ്ചയിച്ചു. അതോടെ മുൻപില്ലാത്തവിധം ആഴവും അടിത്തറയും തന്റേടവുമുള്ള ഒരു വർത്തമാനപ്പത്രം എന്ന ആശയം അബ്ദുൾഖാദറിന്റെ രാവുകളെ നിദ്രാവിഹീനങ്ങളാക്കി.

അങ്ങനെ 1905 ജനുവരി 19-ാം തീയതി മലയാളക്കരയിൽ തീനാവുമായി 'സ്വദേശാഭിമാനി' പിറന്നുവീണു. വക്കത്തുനിന്ന് രണ്ടു മൈൽ അകലെ അഞ്ചുതെങ്ങിൽനിന്നും- അന്ന് പോസ്റ്റ് ഓഫീസ് അവിടെയേ ഉണ്ടായിരുന്നുള്ളൂ- പ്രസിദ്ധീകരണം തുടങ്ങിയ 'സ്വദേശാഭിമാനി' പത്രത്തിന്റെ മുദ്രണത്തിനായി 12000 രൂപ മുടക്കി ആലപ്പുഴ 'പിയേഴ്സ്‌ലസ്‌ലി' കമ്പനി വഴി ഇംഗ്ലണ്ടിൽനിന്നും വരുത്തിയ പ്രസ്സ് തന്നെ അന്നൊരു അത്ഭുതമായിരുന്നു. സി.പി. ഗോവിന്ദപ്പിള്ളയ്ക്കായിരുന്നു പത്രാധിപച്ചുമതല. തീർത്തും വിപ്ലവകരമായ പേരോടുകൂടിയിറങ്ങിയ 'സ്വദേശാഭിമാനി'യുടെ ആദ്യലക്കം മുഖക്കുറിപ്പിൽ മൗലവി ഇങ്ങനെ എഴുതി:

'സ്വദേശാഭിമാനിയുടെ ആദ്യലക്കത്തെ ഞങ്ങൾ മഹാജനങ്ങളുടെ മുമ്പാകെ ഇതാ വയ്ക്കുന്നു. മലയാളത്തിലുള്ള ഒരു വർത്തമാനപ്പത്രം ആശിക്കുന്നതായ നിലയ്ക്കടുത്തതായ ഒരുക്കങ്ങളെല്ലാം ചെയ്തശേഷം, ഞങ്ങൾ മലബാർ തീരത്തിൽ പലയിടത്തും സഞ്ചരിച്ചു. ഇതിന്റെ ഫലമായി ഞങ്ങൾക്ക് പല മഹാന്മാരിൽനിന്നും പല ഉപദേശങ്ങളും ലഭിച്ചതുകൂടാതെ, മലയാളപത്രങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിലെങ്ങും കിട്ടിയിട്ടില്ലാത്തവിധം ഒരു വലിയ ജനസംഘം ഞങ്ങളുടെ വരിക്കാരായി ചേർന്നിട്ടുമുണ്ട്. വരിക്കാരുടെ സംഖ്യ നോക്കുന്നതായാൽ ഞങ്ങൾ ചെയ്തിട്ടുള്ള ഏർപ്പാടുകൾ അശേഷം മതിയായിട്ടില്ല. എല്ലാം ഒരുവിധം തൃപ്തിയായി നിർവഹിച്ചശേഷം പത്രം പ്രസിദ്ധീകരിക്കാമെന്ന് വിചാരിക്കുകയായിരുന്നു.

**സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുവാനും അന്യായങ്ങളെ എതിർക്കുവാനും ഒരു പത്രാധിപർക്ക് ധൈര്യംനൽകിയ ആ പത്രമുടമയെ ആരും ഓർക്കാതെപോയി. സമൂഹനന്മയ്ക്കായി തന്റെ സർവ്വ സമ്പാദ്യങ്ങളും ഹോമിച്ച് ഒരു പത്രം നടത്തുവാൻ തന്റേടം കാട്ടുകയും, എല്ലാം കൈവിട്ട് നിസ്വനായപ്പോഴും കീഴടങ്ങാൻ കൂട്ടാക്കാതെ അപൂർവ്വ വ്യക്തിത്വം കാട്ടിയ വക്കം അബ്ദുൾഖാദർ മൗലവിയെന്ന ആ നല്ല മനുഷ്യനെ മലയാളി സൗകര്യപൂർവ്വം മറവിയിലേക്ക് നീക്കിനിർത്തി.**

ഇതിനിടയ്ക്ക് 'സ്വദേശാഭിമാനി'യുടെ ആവിർഭാവത്തെക്കുറിച്ചുള്ള വിജ്ഞാപനം വളരെ ദിവസത്തേക്ക് മുമ്പേ പുറത്തുവന്നിരിക്കുന്ന സ്ഥിതിക്ക് ഇനിയും താമസിക്കുന്നത് ഉചിതമല്ലെന്നും, പ്രാരംഭത്തിലുള്ള വിഘ്നങ്ങൾ ബഹുജന സമക്ഷം ക്ഷന്തവ്യങ്ങളായിരിക്കാനേ ഇടയുള്ളൂവെന്നും മറ്റും എഴുതിയയച്ചുതന്ന് പല മഹാന്മാരും ഞങ്ങളെ പ്രോത്സാഹിപ്പിച്ചതിനാലാണ് ഇപ്പോൾ 'സ്വദേശാഭിമാനി' ഇപ്രകാരം പ്രസിദ്ധീകരിക്കുന്നത്.

സ്വദേശാഭിമാനിയുടെ പ്രവൃത്തികൊണ്ട് ജനങ്ങൾക്ക് ക്ഷേമമുണ്ടാകണമെന്നാണ് ഞങ്ങളുടെ പ്രധാന ഉദ്ദേശ്യം. ഈ ഉദ്ദേശ്യം സാധിക്കാൻ ഞങ്ങൾ യഥാശക്തി ശ്രമിക്കുകതന്നെ ചെയ്യും. ഞങ്ങൾക്കുണ്ടാകുന്ന വല്ല ആപത്തുകളേയും ഭയന്ന് പൊതുജന സങ്കടങ്ങളെ ഞങ്ങൾ മറച്ചുവയ്ക്കുന്നതല്ല; നിശ്ചയം.'

അന്ന് നിലവിലുണ്ടായിരുന്ന പത്രപ്രവർത്തനശൈലിയിൽനിന്നും സ്വാതന്ത്ര്യത്തിന്റെ ലോകത്തിലേക്കൊരു മുതലക്കൂപ്പിട്ടുകൊണ്ട് ജാജ്ജ്വല്യമാനമായ ഒരു തൂലികാചരിത്രത്തിന്റെ തുടക്കംകുറിച്ച 'സ്വദേശാഭിമാനി' പിന്നീട് വജ്രമുഖംപോലെ മൂർച്ചയുറ്റതും തിളക്കമുള്ളതുമായിത്തീർന്നു.

1907 ജൂലൈ 17-ാം തീയതി പ്രസ് തിരുവനന്തപുരത്തേക്ക് മാറ്റുകയും സ്വദേശാഭിമാനി അവിടെനിന്നും അച്ചടിച്ചിറക്കുകയും ചെയ്തതോടെ 'ഭയകൗടില്യലോഭങ്ങൾ' വെടിഞ്ഞ തിരുവിതാംകൂറിനായി പടവാളുയർത്തിക്കഴിഞ്ഞിരുന്നു മൗലവിയുടെ പത്രവും, അതിന്റെ പുതിയ പത്രാധിപർ കെ. രാമകൃഷ്ണപിള്ളയും. പിന്നീടുള്ള നാളുകൾ മൂല്യാധിഷ്ടിതമല്ലാത്ത വ്യക്തിഭരണത്തെ പരുഷമായി വിമർശിക്കുന്നതിലും, അഴിമതികളും സ്വജനപക്ഷപാതവും വെളിച്ചത്തുകൊണ്ടുവരുന്നതിലും ദിവാൻ സി. രാജഗോപാലാചാരിയുടെ വിടത്വവും താൻപോരിമയും തലങ്ങും വിലങ്ങും എഴുതിവിടുന്നതിലും ശ്രദ്ധകാട്ടി. മാത്രവുമല്ല പുരോഗമനാശയങ്ങൾ ജനഹൃദയങ്ങളിലേക്ക് പകരുവാനും പത്രം തയ്യാറായി.

തന്റേടത്തോടെയുള്ള ആ സ്വതന്ത്രപത്രപ്രവർത്തനത്തിന് നൽകേണ്ടിവന്ന വില കടുത്തതായിരുന്നു. വിലക്കുകൾക്കും, പ്രലോഭനങ്ങൾക്കും ഭീഷണികൾക്കുമെല്ലാം ഒടുവിൽ മൗലവിയും പിള്ളയും വഴങ്ങുന്നില്ലെന്ന് കണ്ടപ്പോൾ കടുത്ത ഉത്തരവുതന്നെയെത്തി. 1910 സെപ്തംബർ 26-ാം തീയതി പുറപ്പെടുവിച്ച രാജവിളംബരത്തിലൂടെ സ്വദേശാഭിമാനി പ്രസ്സ് കണ്ടുകെട്ടി. മൗലവിയുടെ സ്വത്തുക്കളെല്ലാം സർക്കാരിന്റേതായി. പത്രാധിപർ കെ. രാമകൃഷ്ണപിള്ളയെ നാടുകടത്തുകയും ചെയ്തു. ആ പ്രഖ്യാപനം പക്ഷേ മൗലവിയേയോ രാമകൃഷ്ണപിള്ളയേയോ തളർത്തിയില്ല എന്നതാണ് ആവേശകരമായ കാര്യം. രാമകൃഷ്ണപിള്ള നാടുകടത്തപ്പെട്ട സ്ഥലത്ത് കൂടുതൽ ശക്തിയോടെ എഴുത്തിലും വായനയിലും മുഴുകി. മൗലവിയാകട്ടെ പുതിയ സംരംഭങ്ങൾ തുടങ്ങുകയുമുണ്ടായി.

1906 ജനുവരിയിൽ മൗലവി ആരംഭിച്ച മുസ്ലീം എന്ന പത്രം മതനവീകരണപ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിട്ടത്. ഈജിപ്തിൽനിന്നും പ്രസിദ്ധീകരിച്ചുവന്ന 'അൽമനാർ' ന്റെ ചുവടുപിടിച്ച് അറബി- മലയാളം മുദ്രണത്തിൽ 1916 ഏപ്രിലിൽ വക്കത്തുനിന്നും അൽ-ഇസ്ലാം എന്ന പുതിയ മാസിക വക്കം മൗലവി ആരംഭിച്ചു. പിന്നീട് ഇസ്ലാമിക് പ്രസിദ്ധീകരണാലയം തുടങ്ങിയ മൗലവി 1931 ജനുവരിയിൽ ദീപിക എന്ന പേരിൽ മറ്റൊരു മാസികയും പുറത്തിറക്കി. പുതിയ മാസിക, മതവും ശാസ്ത്രവും സമന്വയിപ്പിക്കുവാനുള്ളതും ജനപുരോഗതി ലക്ഷ്യം വച്ചുള്ളതുമായിരുന്നു.



*സ്വദേശാഭിമാനി രാമകൃഷ്ണപിള്ള*

1905 ൽ മരിച്ചുപോയ ആദ്യഭാര്യയുടെ സഹോദരിയെ വിവാഹം ചെയ്ത മൗലവിക്ക് പ്രശസ്ത സാഹിത്യപ്രതിഭ വക്കം അബ്ദുൾഖാദർ ഉൾപ്പെടെ പന്ത്രണ്ട് സന്താനങ്ങളുണ്ടായി. തന്റെ മക്കൾക്കും കുടുംബത്തിനും ഒന്നും ശേഖരിക്കുവാൻ ശ്രദ്ധ കാട്ടാതെ ഉന്നതമായ ലക്ഷ്യവും ആദർശപരമായ ജീവിതവും നയിച്ച് ഋണബാധ്യതകളുമായി ജീവിതത്തിന്റെ അന്ത്യനാളുകൾ ചെലവിട്ട ആ അസാധാരണ മനുഷ്യൻ ഉദരരോഗത്താൽ പീഢിതനുമായിരുന്നു. 1932 ഒക്ടോബർ 31 ന് മൗലവി മരണം വരിക്കുമ്പോഴും തന്റെ മാനസസൃഷ്ടിയായ സ്വദേശാഭിമാനി പ്രസ്സ് തടവിലായിരുന്നു. അതിന്റെ പത്രാധിപരാകട്ടെ നാടുകടത്തപ്പെട്ട നിലയിലും. 1916 ൽ രാമകൃഷ്ണപിള്ളയും ഒരിക്കലും ജന്മനാട്ടിലെത്താനാകാതെ തന്റെ സുഹൃത്തിനെ പിൻതുടർന്ന് കഥാവശേഷനായി. അപ്പോഴും പ്രസ് സ്വതന്ത്രമാക്കുവാനുള്ള ശ്രമങ്ങൾ വിഫലമായിക്കൊണ്ടിരുന്നു.

രാജഭരണം അവസാനിക്കുമ്പോൾ ജനപ്രിയൻ എന്ന് എല്ലാവരാലും പുകഴ്ത്തപ്പെട്ട ശ്രീ ചിത്തിരതിരുനാൾ മഹാരാജാവും തന്റെ മുൻഗാമിയുടെ തെറ്റായ ഉത്തരവ് തിരുത്തുവാൻ ധൈര്യം കാട്ടാതെ തനി പിന്തിരിപ്പനും യാഥാസ്ഥിതികനുമായി നിലകൊണ്ടു. തുടർന്നുവന്ന രണ്ട് ജനകീയ ഭരണാധികാരികളും പട്ടംതാണുപിള്ളയും ടി.കെ. നാരായണപിള്ളയും- തങ്ങൾ സ്വതന്ത്രപത്രപ്രവർത്തനത്തിനൊപ്പമല്ല എന്നുതന്നെ പ്രഖ്യാപിച്ച് സ്വദേശാഭിമാനി പ്രസ്സിന്റെ കാര്യത്തിൽ മൗനംപൂണ്ടു. എത്ര ഉൽകൃഷ്ടമായ ജനാധിപത്യം. എന്നാൽ 1957 ൽ കമ്മ്യൂണിസ്റ്റു മന്ത്രിസഭ അധികാരമേറ്റപ്പോൾ ഐതിഹാസികമായ ആ ഉത്തരവുണ്ടായി. സ്വദേശാഭിമാനി പ്രസ് അവകാശികൾക്ക് വിട്ടുകൊടുത്തുകൊണ്ടുള്ള ഉത്തരവനുസരിച്ച് 1958 ജനുവരി 26 റിപ്പബ്ലിക് ദിനത്തിൽ മൗലവിയുടെ മകൻ അബ്ദുൾഖാദർ സ്വദേശാഭിമാനി പ്രസ് ഏറ്റുവാങ്ങി.

സ്വദേശാഭിമാനി പത്രത്തിന്റെ ജീവാത്മാവായിരുന്ന മൗലവിയെ ആരും ഓർക്കാതെ പോയി. സ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുവാനും അന്യായങ്ങളെ എതിർക്കുവാനും ഒരു പത്രാധിപർക്ക് ധൈര്യംനൽകിയ ആ പത്രയുടമയെ ആരും ഓർക്കാതെപോയി. സമൂഹനന്മയ്ക്കായി തന്റെ സർവ്വ സമ്പാദ്യങ്ങളും ഹോമിച്ച് ഒരു പത്രം നടത്തുവാൻ തന്റേടം കാട്ടുകയും, എല്ലാം കൈവിട്ട് നിസ്വനായപ്പോഴും കീഴടങ്ങാൻ കൂട്ടാക്കാതെ അപൂർവ്വ വ്യക്തിത്വം കാട്ടിയ വക്കം അബ്ദുൾഖാദർ മൗലവിയെന്ന ആ നല്ല മനുഷ്യനെ മലയാളി സൗകര്യപൂർവ്വം മറവിയിലേക്ക് നീക്കിനിർത്തി. ഇപ്പോഴിതാ പത്രസ്വാതന്ത്ര്യത്തെക്കുറിച്ചും ആവിഷ്ക്കാരസ്വാതന്ത്ര്യത്തെക്കുറിച്ചും ദിനംപ്രതി വാചാലരാകാറുള്ള മലയാളി സ്വാതന്ത്ര്യത്തിന്റെ ദീപശിഖയായിരുന്ന സ്വദേശാഭിമാനി പത്രത്തിന്റെ നൂറാംവയസ്സും ബുദ്ധിപൂർവ്വം വിസ്മരിച്ചു. ത്യാഗപൂർണ്ണമായ കാര്യങ്ങൾ ഓർക്കുവാൻപോലും നമുക്ക് ധൈര്യമില്ലാതായിരിക്കുന്നു. മലയാളി എത്ര തന്ത്രശാലി... എത്ര ബുദ്ധിമാൻ..!

**ശാസ്ത്രയുഗത്തിന്റെ ആവശ്യകത തൊട്ടറിഞ്ഞ് നവീന സംഭാവനകളെ കാലാനുസൃതമായി ഉൾക്കൊണ്ടുകൊണ്ട് ഒരു ഇസ്ലാമിക വിമോചന പാഠ്യപദ്ധതിതന്നെ രൂപപ്പെടേണ്ടതിന്റെ ആവശ്യകതയിലും, ഇസ്ലാം ജനവിഭാഗത്തിന് എങ്ങനെ ഉൾക്കാഴ്ച നൽകാനാകും എന്ന ചിന്തയിൽ അദ്ദേഹം കണ്ടെത്തിയ പോംവഴി മറ്റൊന്നുമായിരുന്നില്ല. പ്രസംഗങ്ങളും മറ്റു ബോധനപ്രക്രിയകളും തോൽക്കുന്നിടത്ത് വിജയിക്കുക ജീവത്തായ അക്ഷരങ്ങളാണെന്നും, അത് അജ്ഞതയുടെ കാവൽഭടന്മാരെ തേടി വീടുകളിലെത്തുന്നവയാകണമെന്നും അദ്ദേഹം നിശ്ചയിച്ചു. അതോടെ മുൻപില്ലാത്തവിധം ആഴവും അടിത്തറയും തന്റേടവുമുള്ള ഒരു വർത്തമാനപ്പത്രം എന്ന ആശയം അബ്ദുൾഖാദറിന്റെ രാവുകളെ നിദ്രാവിഹീനങ്ങളാക്കി.**